**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4668** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ ആശങ്ക അകറ്റുന്നതിനായി ആസൂത്രിതവും ദീർഘകാല കാഴ്ചപ്പാടുള്ളതും പാരിസ്ഥിതികാവബോധത്തോടെയുമുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (എ) | മത്സ്യത്തൊഴിലാളികളുടെ ആശങ്ക അകറ്റുന്നതിനായി ആസൂത്രിതവും ദീർഘകാല കാഴ്ചപ്പാടുള്ളതും പാരിസ്ഥിതി കാവബോധത്തോടെയും നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഫിഷ് ബൂത്ത് മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ**

മത്സ്യവിപണന രംഗത്ത് നിലവിലുള്ള ഇടനിലക്കാരുടെ അമിത സാമ്പത്തിക ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും ഉള്ളവർക്ക് മത്സ്യ വിപണന സൗകര്യങ്ങൾ സൃഷ്ടിച്ചു നൽകുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 10 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന വിപണന യൂണിറ്റിന് 60 % സബ്സിഡി നൽകുന്നു. ഇത്തരം 250 ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

**2. ഫിഷിംഗ് ഹാബറുകളിൽ സ്ഥിരമായ മത്സ്യസംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ**

മത്സ്യബന്ധന ഹാർബറുകളിൽ മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ അടിസ്ഥാന വില നിശ്ചയിച്ച് മത്സ്യം രൊക്ക വിലയ്ക്ക് ഇുക്കിയെടുക്കുന്ന സ്ഥിരം കൗണ്ടറുകളാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ ഉല്പന്നം ഇടനിലക്കാർ കൂടാതെ തന്നെ വില്പന നടത്തി ന്യായവില ഉടൻതന്നെ ലഭ്യമാകുന്ന സാഹചര്യം ഇതിലൂടെ സൃഷ്ടിക്കാൻ കഴിയും. മത്സ്യഫെഡിന് ഇതിലൂടെ വിപണന ഔട്ട് ലെറ്റുകളിലേക്ക് സുലഭമായി മത്സ്യം ഗുണനിലവാരത്തോടെ എത്തിക്കുന്നതിനും സാധ്യമാകും.

**3. മത്സ്യമാർക്കറ്റുകളിലും തുറമുഖങ്ങളിലും ലാൻഡിംഗ് സെന്ററുകളിലും സ്ത്രീ സൗഹൃദ സൗകര്യങ്ങൾ സൃഷ്ടിക്കുക**

മത്സ്യബന്ധന ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ വില്പനയ്ക്കും മത്സ്യം എടുക്കുവാനും വരുന്ന വനിതാ വിപണന തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ളതുമായ ശുചിമുറികൾ, വിശ്രമ കേന്ദ്രങ്ങൾ എന്നിവ ഒരുക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**4. മത്സ്യത്തൊഴിലാളി വനിതകൾക്കായി മാതൃക പീലിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ**

കൂടുതലും വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്ന മേഖലയിൽ സാഫിലൂടെ മാതൃകാ പീലിംഗ് ഷെഡുകൾ സ്ഥാപിച്ചുകൊണ്ട് വനിതാ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം സൃഷ്ടിക്കപ്പെടുന്നതും ആയതിലൂടെ മേഖലയിൽ പിന്തുടരേണ്ട മാനദണ്ഡ ങ്ങൾക്ക് ഒരു മാതൃക സൃഷ്ടിക്കലും ഈ പദ്ധതിയിലൂടെ സാധ്യമാകും. ഇത്തരത്തിൽ 10 മാതൃക പീലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

**5. ഫിഷിംഗ് ഹാർബർ അടിസ്ഥാനമാക്കിയുള്ള കടൽ രക്ഷാ സേനയുടെ രൂപീകരണം**

കടൽ സുരക്ഷയ്ക്കും മറ്റിതര മേഖലകളിൽ നടക്കുന്ന രക്ഷാപ്രവർത്തനങ്ങൾക്കും മുന്നിൽ നിൽക്കുന്ന മത്സ്യത്തൊഴിലാളികളിലൂടെ തന്നെ അവരുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി മത്സ്യബന്ധന ഹാർബറുകൾ കേന്ദ്രീകരിച്ച് 10 പേർ അടങ്ങുന്ന മുഴുവൻ സമയ 20 യൂണിറ്റ് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നു. ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഗോവയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും തെരഞ്ഞെടുക്കുന്നവരെയായിരിക്കും സ്ക്വാഡിൽ ഉൾപ്പെടുത്തുന്നത് .

**6. ഫലപ്രദമായ ആശയവിനിമയം സാധ്യമാക്കുന്നതിന് കടൽത്തീരത്ത് സമഗ്രമായ മറൈൻ VHF റേഡിയോ ശൃംഖല സ്ഥാപിക്കൽ**

കടൽ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി ആവർത്തന ചെലവു കുറഞ്ഞതും എന്നാൽ ഫലപ്രദവുമായ വാർത്താ വിനിമയ സംവിധാനം എന്ന നിലയിൽ VHF റേഡിയോ ശൃംഖല കടലിലും തീരപ്രദേശത്തുമായി സ്ഥാപിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കടലിൽ 80 നോട്ടിക്കൽ മൈൽ വരെ ബന്ധപ്പെട്ട് ശബ്ദ സന്ദേശം കൈമാറാൻ കഴിയുന്ന രീതിയിലുള്ള തീരദേശ അടിസ്ഥാന സൗകര്യ വികസനമാണ് ഒരുക്കേണ്ടത്.

**7. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ ദൈനംദിന വിവരശേഖരണത്തിനായി ഫിഷിംഗ് ഹാർബറുകളിൽ പഞ്ചിംഗ് ബൂത്തുകളുടെ സ്ഥാപനം**

ഓഖി ദുരന്തകാലം മുതൽ നിലനിൽക്കുന്ന ഒരു വിഷയമാണ് കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കൃത്യമായ ദൈനംദിന വിവരശേഖരണം എന്നത്. ആയതിന് ഒരു പരിഹാരമെന്നോണം ആദ്യഘട്ടമായി 25 ഹാർബറുകൾ കേന്ദ്രീകരിച്ച് യാനങ്ങളുടെയും തൊഴിലാളികളുടെയും ഡേറ്റാബേസ് ശേഖരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചിംഗ് ബൂത്തുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

**8. യാനങ്ങളുടെ കളർ കോഡിംഗിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായം**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾക്ക് ദേശീയ സുരക്ഷയുടെ ഭാഗമായി കളർ കോഡിംഗ് നടപ്പിലാക്കി KMFR ആക്ട് ഭേദഗതി വരുത്തി. എന്നാൽ പരമ്പരാഗത FRP വള്ളങ്ങൾ കളർ കോഡിംഗ് നടത്തുന്നത് ചെലവേറിയ പ്രവൃത്തിയായതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഈ ഇനത്തിൽ സബ്സിഡിയായി ധനസഹായം അനുവദിച്ചാൽ മാത്രമേ ഫലപ്രദമായി നിയമം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. ഈ സാഹചര്യത്തിൽ ചെലവിന്റെ 40 % സബ്സിഡി ഗ്രാന്റായി നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് .

**9. മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങളുടെ സ്ഥാപനം**

ഇതര മേഖലകളും സാമൂഹിക സാമ്പത്തിക പുരോഗതിക്കനുസൃതമായി മത്സ്യത്തൊഴിലാളി സമൂഹത്തെയും നയിക്കുക എന്ന ലക്ഷ്യത്തിലേക്ക് തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വിടവുകൾ നികത്തിക്കൊണ്ടും ആധുനികമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമമെന്ന കാഴ്ചപ്പാടോടെ സമഗ്രമായ ഒരു ഗ്രാമവികസന മാതൃക സൃഷ്ടിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ചെല്ലാനം മത്സ്യഗ്രാമം ആദ്യഘട്ടമായി വികസിപ്പിച്ചുകൊണ്ട് വരും വർഷങ്ങളിൽ സംസ്ഥാനത്തുടനീളം 10 മത്സ്യഗ്രാമങ്ങൾ മാതൃകാ ഗ്രാമങ്ങളായി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത് .

**10. സർക്കാർ മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും സ്റ്റാൻഡേർഡൈസേഷനും സർട്ടിഫിക്കേഷനും.**

മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളും വിത്തു പരിപാലന കേന്ദ്രങ്ങളും ഗുണനിലവാരമുള്ളവയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ Standard Operating Procedures (SOP) അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്ന രീതിയിൽ വികസിപ്പിച്ച് നിലവാരം നിശ്ചയിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം സ്വായത്തമാക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**11. മത്സ്യത്തൊഴിലാളി വനിതകൾക്കായി സ്ട്രീറ്റ് ഫിഷ് വെൻഡിംഗ് യൂണിറ്റുകൾ**

തെരുവിൽ മത്സ്യവിപണനം നടത്തുന്ന വനിതാ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് മുൻഗണന കൊടുത്തുകൊണ്ട് അവർക്ക് വളരെ സൗകര്യപ്രദമായും വൃത്തിയായും ഇരുന്നുകൊണ്ട് മത്സ്യകച്ചവടം നടത്തുന്നതിന് മത്സ്യം കേട്ടുകൂടാതെ ദിവസം മുഴുവനും സൂക്ഷിക്കുന്നതിനും ഉതകുന്ന ഇൻസുലേറ്റഡ് ബോക്സോട്ടുകൂടിയ 100 വില്പന ബൂത്തുകൾ നൽകുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**12. നിർണായക കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടമാകുന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം**

മത്സ്യത്തൊഴിലാളികൾക്ക് മാറിയ കാലാവസ്ഥാ സാഹചര്യത്തിൽ നിരവധി തൊഴിൽ ദിനങ്ങളാണ് കാലാവസ്ഥാ മുന്നറിയിപ്പുമൂലം നഷ്ടപ്പെടുന്നത്. ഇത്തരം ഘട്ടങ്ങളിൽ അടിയന്തിരമായി ധനസഹായം ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പിൽ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നത് പരിശോധിക്കുന്നതാണ് .

**13. മത്സ്യത്തൊഴിലാളികൾക്ക് നൂതന മത്സ്യബന്ധന സാങ്കേതിക വിദ്യ, നാവിഗേഷൻ, സീമാൻ ഷിപ്പ് , സ്രാങ്ക് / എഞ്ചിൻ ഡ്രൈവർ / ഡെക്ക്മാൻ തുടങ്ങിയവയിൽ നൈപുണ്യ പരിശീലനം**

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 2018 (ഭേദഗതി) അനുസരിച്ച് മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കുന്ന സ്രാങ്ക് , എഞ്ചിൻ ഡ്രൈവർ, ഡെക്ക്മാൻ എന്നിവർക്ക് പരിശീലന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട് . ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നാവിഗേഷൻ & സീമാൻഷിപ്പ് , സ്രാങ്ക് , എഞ്ചിൻ ഡ്രൈവർ , ഡെക്ക്മാൻ എന്നിവയിൽ പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ് .

**14. പരമ്പരാഗത മത്സ്യത്തൊഴിലാളി ക്ലസ്റ്ററുകൾ / സൊസൈറ്റികൾക്ക് ക്രാഫ്റ്റ് ടോയിംഗ് ട്രാക്ടർ**

ബീച്ച് ലാന്റിംഗ് സെന്ററുകളിൽ പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾ കരയ്ക്ക് കയറ്റുന്നതിനും മത്സ്യബന്ധനത്തിനു പോകുമ്പോൾ കടലിലേക്ക് തള്ളിവിടുന്നതിനും വളരെയധികം ബുദ്ധിമുട്ടും അപകടം നിറഞ്ഞതുമായ രീതിയാണ് തുടർന്നു വരുന്നത്. സമീപ കാലത്തായി ഇതിനു പരിഹാരമെന്നോണം ട്രാക്ടറുകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. മറുനാട്ടുകളിൽ നിന്നു വരുന്ന ട്രാക്ടറുകൾ വലിയ വാടകയാണ് ഈടാക്കുന്നത് . ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കോ സഹകരണ സംഘങ്ങൾക്കോ 25 ട്രാക്ടറുകൾ വാങ്ങുന്നതിന് 60 % സബ്സിഡി നൽകുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് .

**15. പുതുവൈപ്പിൻ സംയോജിത അക്വാപാർക്ക്**

മത്സ്യബന്ധന മേഖലയിലെയും മത്സ്യകൃഷി മേഖലയിലെയും വികസന പദ്ധതികളുടെ ഒരു പരിച്ഛേദവും ആധുനിക വിനോദ-വിജ്ഞാന ഉപാധികളും ഒരുമിച്ചു ചേരുന്ന ഒരു സംയോജിത കേന്ദ്രമായി അക്വാപാർക്ക് വിഭാവനം ചെയ്യുന്നു. പുതുവൈപ്പിനിൽ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 ഏക്കർ സ്ഥലത്താണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് . മത്സ്യമേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ, ഉല്പാദനം, ഗുണനിലവാരം , വിത്തുല്പാദനം ,മത്സ്യത്തീറ്റ , വിവിധ കൃഷി രീതികൾ, മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ, വിപണന യൂണിറ്റുകൾ, സ്റ്റാർട്ട് അപ്പുകൾ ഉൾപ്പെടെ പുതിയ സംരംഭങ്ങൾ, പുതിയ സാങ്കേതിക വിദ്യകൾ, മറ്റു വിജ്ഞാന വിനോദോപാധികൾ, ഓഷ്യനേറിയം, കണ്ടൽ പാർക്ക് എന്നിവ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്നതാണ് .

**16. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന തീരപ്രദേശങ്ങളിൽ desalination യൂണിറ്റുകൾ സ്ഥാപിക്കൽ**

തീരപ്രദേശത്ത് പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ നിലവിൽ കുടിവെള്ള പദ്ധതികൾ പ്രായോഗികമല്ലാത്ത ഒട്ടനവധി മേഖലകൾ ഉണ്ട് . ഇത്തരം പ്രദേശങ്ങളിൽ small scale desalination plant കൾ നൽകുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് . 500 ലിറ്റർ മുതൽ 10000 ലിറ്റർ വരെ ദിനംപ്രതി ശേഷിയുള്ള പ്ലാന്റുകൾ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത് .

**17. മത്സ്യഗുണനിലവാര പരിശോധനക്ക് മൊബൈൽ പരിശോധന യൂണിറ്റുകൾ**

വാഹനങ്ങളിൽ കൊണ്ടുപോകുന്നതും മാർക്കറ്റുകളിൽ വിൽപനക്കെത്തിക്കുന്ന തുമായ മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് പതിവായിരിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യ, ഫിഷറീസ് വകുപ്പുകൾ വഴി നടപടികൾ സ്വീകരിച്ചു വരികയാണ് . ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് വഴി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻ പ്രകാരം പരിശോധനയും നിയമ നടപടികളും കൈകൊള്ളുന്നതിന് ഗുണനിലവാര പരിശോധന സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് 3 മൊബൈൽ നിരീക്ഷണ പരിശോധന സംവിധാനം സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

**18. കക്കാ സംസ്കരണ സഹകരണ സംഘങ്ങൾക്ക് ഡെപ്യൂറേഷൻ യൂണിറ്റുകൾ**

കക്ക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വളരെ സജീവമായി പ്രവർത്തിക്കുന്ന ജില്ലകളാണ് കൊല്ലം, ആലപ്പുഴ ജില്ലകൾ. ഇവിടങ്ങളിൽ ഈ തൊഴിൽ മാത്രം ആശ്രയിച്ചു കഴിയുന്ന ഒട്ടേറെ കുടുംബങ്ങൾ ഉണ്ട് . താരതമ്യേന വരുമാനം കുറഞ്ഞ ഇവർക്ക് കക്ക വാരിയതിന് ശേഷം വൃത്തിയാക്കുന്നത് വളരെ ശ്രമകരവും ചെലവേറിയതുമായ പ്രവർത്തിയാണ് .ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് 25 depuration യൂണിറ്റുകൾ 60 % സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**19. ഒരു നെല്ലും ഒരു മീൻ കൃഷിയുടെ പുനരുജ്ജീവനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കുട്ടനാടിനായി പ്രത്യേകം മത്സ്യഭവൻ.**

ഒരു നെല്ലും ഒരു മീനും പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് കുട്ടനാട് മേഖലയിലായി ഒരു മത്സ്യഭവൻ അനിവാര്യമാണ് . ഉൾനാടൻ മേഖലയിൽ പുതുതായി അനുവദിക്കുന്ന മത്സ്യഭവനുകളിൽ ഒരെണ്ണം കുട്ടനാട് സ്ഥാപിക്കുന്നതിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമാണ് പദ്ധതി.

**20. സഹകരണസംഘങ്ങളുടെ പങ്കാളിത്തത്തോടെ പാടശേഖരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക**

പാടശേഖര സമിതികൾ കാര്യക്ഷമമല്ലാത്ത മേഖലകളിൽ സഹകരണ സംഘങ്ങൾ വഴി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് വിഭാവനം ചെയ്യുന്നത് . ഒരു നെല്ലും ഒരു മീനും പദ്ധതി, ഓരുജല ചെമ്മീൻ കൃഷി എന്നിവ സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഏറ്റെടുത്ത് നടത്താവുന്നതാണ് .

**21. മത്സ്യത്തൊഴിലാളികളുടെ വീട് നന്നാക്കലും പുനർ വയറിംഗും**

മത്സ്യത്തൊഴിലാളികൾ സ്വന്തമായി നിർമ്മിച്ചതും വിവിധ സ്കീമുകളിലൂടെ ലഭ്യമായതുമായ ഭവനങ്ങൾ പലതും കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിൽ എത്തിയിട്ടുണ്ട് . ഇലക്ട്രിക്കൽ വയറിംഗ് മിക്കവയും അപകടാവസ്ഥയിലുമാണ് . മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ പലപ്പോഴും ഇത്തരം പ്രവർത്തികൾ നടത്തുവാൻ പ്രാപ്തരല്ലാത്ത സാഹചര്യത്തിൽ മുൻകാലങ്ങളിലുണ്ടായിരുന്ന പദ്ധതി മത്സ്യത്തൊഴിലാളി ഭവനം പുനരുദ്ധാരണവും പുനർ വയറിംഗും എന്ന പേരിൽ പുനരാരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് .

**22. കുടിവെള്ള ക്ഷാമം രൂക്ഷമായ മത്സ്യത്തൊഴിലാളികളുടെ വീടുകളിൽ പി.വി.സി കുടിവെള്ള സംഭരണ ടാങ്കുകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ലഭ്യമാകുന്ന കുടിവെള്ളം ശേഖരിച്ചു വയ്ക്കുന്നതിന് പി.വി.സി. വാട്ടർ ടാങ്കുകൾ നൽകുന്നതിനാണ് പദ്ധതി. 60 % സബ്സിഡി നിരക്കിൽ 500 ലിറ്റർ ശേഷിയുള്ള പി.വി.സി. കുടിവെള്ള ടാങ്കുകൾ നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് .

**23. പഴയ മര യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾ (<35 അടി) സ്റ്റീൽ ഹൾ ആക്കി മാറ്റുന്നതിനുള്ള സഹായം**

കേരളത്തിൽ ആദ്യ കാലത്ത് പ്രവർത്തിച്ചിരുന്ന പഴക്കം ചെന്നതും തടി കൊണ്ട് നിർമ്മിച്ചിട്ടുള്ളതുമായ യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങൾ 300 ഓളം ഇപ്പോഴും പ്രവർത്തിച്ചു വരുന്നുണ്ട്. തീരെ സുരക്ഷിതമല്ലാത്തവയും ശേഷി കുറഞ്ഞവയുമായ ഇത്തരം യാനങ്ങൾ മിക്കവയും നിയമവിധേയമല്ലാത്ത തീരക്കടലിൽ മത്സ്യബന്ധനം നടത്തുകയാണ് പതിവ്. പൊതുവെ ശേഷി കുറഞ്ഞ ഇത്തരം ബോട്ടുകൾ ദൂരെ പോയി മത്സ്യബന്ധനം നടത്തുന്നതിന് പര്യാപ്തമല്ല. ഇത്തരം ബോട്ടുകളുടെ ഉടമകൾ സ്വയം തൊഴിലിനും അതിജീവനത്തിനുമായി മാത്രം ഇവയെ ആശ്രയിച്ചു വരികയാണ് . ഇത്തരം ബോട്ടുകൾ അടിയന്തിരമായി മേഖലയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് . എന്നാൽ ഇവയുടെ ഉടമകളായ മത്സ്യത്തൊഴിലാളികൾ ഇവ പുനരുദ്ധരിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ സാമ്പത്തികമായി പ്രാപ്തരല്ല. മറ്റു തരം മത്സ്യബന്ധന രീതികളിലേക്ക് മാറുന്നതിന് ഇവർക്ക് കഴിയാത്ത സ്ഥിതിയാണുള്ളത് . ഇത്തരം

ബോട്ടുകൾ സ്റ്റീൽ ബോട്ടുകളാക്കി പരിവർത്തനം ചെയ്യുന്നതിനോ പുനർ നിർമ്മിക്കുന്നതിനോ ധനസഹായം നൽകുകയാണെങ്കിൽ ഒരു പരിധി വരെ എണ്ണം ഒഴിവാക്കാൻ സാധിക്കും. അഞ്ചു വർഷം കൊണ്ട് ഇത്തരം ബോട്ടുകൾ മാറ്റുന്നതിന് 40% സബ്സിഡി നിരക്കിൽ പരമാവധി 10 ലക്ഷം രൂപ ധനസഹായമായി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**24. മത്സ്യത്തൊഴിലാളി വനിത എസ് . എച്ച് .ജി. കളെ ഉൾപ്പെടുത്തി ബ്രേക്ക് വാട്ടർ ടൂറിസവും മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി പെസ്കാ ടൂറിസവും**

മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള പുലിമുട്ടുകളുടെ വിനോദ സഞ്ചാര സാധ്യത വളരെ വലുതാണ് . പുലിമുട്ടുകൾ കേന്ദ്രീകരിച്ച് മാലിന്യങ്ങൾ നിക്ഷേപിക്കുകയും സാമൂഹിക വിരുദ്ധർ പ്രവേശിക്കുന്നതും വളരെ ബുദ്ധിമുട്ടാണ്ടാക്കുന്നുമുണ്ട് . ഈ സാഹചര്യത്തിൽ വനിതാ സ്വയം സഹായ ഗ്രൂപ്പുകളുടെ സേവനം പ്രയോജനപ്പെടുത്തി ഒരു ബ്രേക്ക് വാട്ടർ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നു. മേഖല വൃത്തിയായി സൂക്ഷിക്കുന്നതിനും വനിതാ ഗ്രൂപ്പ് അംഗങ്ങൾക്ക് ഒരു സ്വയം തൊഴിൽ മാർഗമായും പദ്ധതി ഉപകരിക്കുന്നതാണ് . പ്രധാനപ്പെട്ട മത്സ്യബന്ധന ഹാർബറുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുകയാണ് ഉദ്ദേശിക്കുന്നത്.

**25. ശുചിത്വ സാഗരം സുന്ദരതീരം**

സംസ്ഥാനത്ത് കടലും തീരപ്രദേശവും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുവാനായി ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട് . ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി 3 ഘട്ടമായാണ് നടപ്പിലാക്കുന്നത്. സാധ്യമായ എല്ലാ മാർഗങ്ങളുപയോഗിച്ചുള്ള ബോധവത്കരണമാണ് ഒന്നാം ഘട്ടം. ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടം. ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും, പുനരുപയോഗവും, തുടർ ക്യാമ്പയിനുമാണ് മൂന്നാം ഘട്ടം.